**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2362 | 19.07.2016-ൽമറുപടിയ്ക്ക്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സോഷ്യൽ ഓഡിറ്റിംഗ്

ശ്രീ.ഡി.കെ. മുരളി

ശ്രീ.കെ.ടി.ജലീൽ
(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും
വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സോഷ്യൽ ഓഡിറ്റിംഗ് നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ സോഷ്യൽ ഓഡിറ്റിംഗ് നടക്കുന്നില്ല. കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന്റെ കീഴിൽ നടപ്പാക്കുന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികൾക്കു മാത്രമായി ഒരു സോഷ്യൽ ഓഡിറ്റ് എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കിയിരുന്നുവെങ്കിലും 2011-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പരിഷ്കരിച്ച സോഷ്യൽ ഓഡിറ്റ് സ്കീം ചട്ടങ്ങൾ പ്രകാരം സംസ്ഥാന സർക്കാരുകൾ സോഷ്യൽ ഓഡിറ്റിനായി ഒരു സ്വതന്ത്ര സോഷ്യൽ ഓഡിറ്റ് യൂണിറ്റ് സ്ഥാപിക്കണമെന്ന വ്യവസ്ഥയുടെ ഭാഗമായുള്ള നടപടികൾ പൂർത്തീകരിക്കാത്തതിനാൽ നിലവിൽ സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതികളുടെ സോഷ്യൽ ഓഡിറ്റിംഗ് നടക്കുന്നില്ല. തദ്ദേശ സ്ഥാപനങ്ങൾ നടപ്പിലാക്കി വരുന്ന എല്ലാ പദ്ധതികളും, സോഷ്യൽ ഓഡിറ്റിനു വിധേയമാക്കുന്നതിനുള്ള വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുന്ന ഒരു സോഷ്യൽ ഓഡിറ്റ് മാന്വൽ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | സോഷ്യൽ ഓഡിറ്റിംഗ് നിർബന്ധവും കർശനവുമാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ? | (ബി) | 2011-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പരിഷ്കരിച്ച സോഷ്യൽ ഓഡിറ്റ് സ്കീം ചട്ടങ്ങൾ പ്രകാരം സംസ്ഥാനത്ത് നിലവിൽ വരേണ്ട സ്വതന്ത്ര സോഷ്യൽ ഓഡിറ്റ് യൂണിറ്റ് സ്ഥാപിക്കുന്ന മുറയ്ക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് പുന:സ്ഥാപിക്കുന്നതാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ എല്ലാ പദ്ധതികളും, സോഷ്യൽ ഓഡിറ്റിനു വിധേയമാക്കുന്നതിനുള്ള വിപുലമായ സംവിധാനം ഏർപ്പെടുത്തുക എന്നത് സർക്കാരിന്റെ ലക്ഷ്യമാണ്. ആദ്യപടി എന്ന നിലയിൽ സമഗ്രമായ ഒരു സോഷ്യൽ ഓഡിറ്റ് മാന്വൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ